(ഡി) നിലവിലുള്ള എച്ച്. സി. തസ്തിക ആനുപാതികമായി ഉണ്ടായിരിക്കേണ്ട തസ്തികകളെക്കാൾ കുറവാണെന്നു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ജലസേചനവകുപ്പിന്റെ പല സബ്ഡിവിഷനുകളിലും ഹെഡ്ക്ലാർക്കു തസ്തിക നിലവിലില്ല എന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ജലസേചന വകുപ്പിൽ ഒട്ടേറെ യു.ഡി.ക്ലാർക്കുമാർ പ്രമോഷൻ ലഭിക്കാതെ ഹെഡ്ക്ലാർക്ക് ഗ്രേഡ് വാങ്ങി സർവ്വീസിൽ തുടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) സാമ്പത്തിക ബാധ്യത ഇല്ലാതെ ഇവരെ ഹെഡ്ക്ലാർക്കു തസ്തിക നിലവിലില്ലാത്ത സബ് ഡിവിഷനുകളിൽ നിയമിച്ചു ജലസേചനവകുപ്പിൽ കുറവുള്ള എച്ച്. സി. തസ്തികകൾ നികത്തുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 219 തസ്തികകൾ.

(ബി) അതെ.

(സി-ജി) പരിശോധിച്ചുവരുന്നു.

ഡി. പി. സി. കൂടാൻ നടപടി

56 (1723) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചനവകുപ്പിൽ കഴിഞ്ഞ ഒന്നര വർഷമായി ഒഴിഞ്ഞു കിടക്കുന്ന അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് പ്രൊമോഷൻ നടത്തുന്നതിന് ഡി. പി. സി കൂടികിട്ടിയിട്ടില്ലാത്തതിനാൽ നിയമനങ്ങൾ നടക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ തസ്തികകളിൽ നിയമനം നൽകുന്നതിന് എത്രയുംവേഗം ഡി. പി. സി. കൂടുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സീനിയർ സൂപ്രണ്ടിന്റെ തസ്തികയിലേക്കുള്ള നിയമനത്തിന് ഡി. പി. സി കൂടിക്കഴിഞ്ഞു. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ നിയമനത്തിന് ഡി.പി.സി കൂടാനുള്ള നടപടികൾ നടന്നുവരുന്നു.

കമാൻഡ് ഏരിയ വികസന അതോറിറ്റി ഏറ്റെടുത്തിരിക്കുന്ന പദ്ധതികൾ

57 (1724) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) നടപ്പ് സാമ്പത്തികവർഷം കാഡ ഏറ്റെടുത്തിരിക്കുന്ന പദ്ധതികൾ ഏതെല്ലാം എന്നറിയിക്കുമോ ;

(ബി) ഈ പദ്ധതികൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ള തുക എത്രയാണെന്ന് അറിയിക്കുമോ ;

(സി) അതിൽ 31-01-2000 വരെ ചെലവായ തുക എത്രയെന്ന് വെളിവാക്കുമോ ;

(ഡി) ഇതിലേക്ക് കേന്ദ്രസർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) പഴശ്ശി ജലസേചനപദ്ധതി ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനായി ഈ സാമ്പത്തികവർഷം എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നറിയിക്കുമോ ?

ഉത്തരം

(എ) ഒന്നുംതന്നെ ഏറ്റെടുത്തിട്ടില്ല.

(ബി-ഡി) ഉദിക്കുന്നില്ല.

(ഇ) പഴശ്ശി ജലസേചനപദ്ധതി കഴിഞ്ഞ സാമ്പത്തികവർഷമാണ് കാഡയിൽ ഉൾപ്പെടുത്തിയത്. ഈ സാമ്പത്തികവർഷം പഴശ്ശി ജലസേചന പദ്ധതിക്കായി തുകയൊന്നും ചെലവാക്കിയിട്ടില്ല.

'കാഡ' യുടെ പ്രവർത്തനം

58 (1725) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1999 മാർച്ച് 31 വരെ കമാൻഡ് ഏരിയ ഡവലപ്മെന്റ് അതോറിറ്റി പദ്ധതി പ്രകാരം എത്ര കോടി രൂപയുടെ പണികളാണ് നടന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) നടന്ന പണികൾ ഏതെല്ലാമെന്നും അതിന് ചെലവായ തുക എത്രയെന്നും വ്യക്തമാക്കാമോ ;

(സി) ഇതിൽ എത്ര കോടിരൂപ ഇതിനകം കരാറുകാർക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) 1999 ഏപ്രിൽ ഒന്ന് മുതൽ 2000 ഫെബ്രുവരി 15 വരെ പ്രസ്തുത പദ്ധതിയിൽ എത്ര പണികളാണ് ആരംഭിച്ചിട്ടുള്ളത് ; പണികളുടെ പേരും അതിന്റെ എസ്റ്റിമേറ്റ് തുകയും വ്യക്തമാക്കാമോ ;

(ഇ) ഈ വർഷം ആരംഭിച്ച പണികളിൽ എത്രയെണ്ണം ഇതിനകം പൂർത്തീകരിച്ചു ; വിശദാംശം അറിയിക്കുമോ ;

(എഫ്) ഇതിൽ ഏതിനെല്ലാമാണ് പണം നൽകിയത് എന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly